**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 449** **15-03-2023 - ൽ മറുപടിയ്ക്ക്**

**റോഡ് സുരക്ഷ വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സേഫ് കേരള പദ്ധതിയുടെ ഭാഗമായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് സേഫ് കേരള പദ്ധതിയുടെ ഭാഗമായി 675 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ ഉൾപ്പെടെ ആകെ 726 ക്യാമറകൾ നിരത്തുകളിൽ സ്ഥാപിക്കുകയും, ക്യാമറകൾ മുഖേന കണ്ടെത്തുന്ന ഗതാഗത നിയമ ലംഘനങ്ങളിൽ നടപടി സ്വീകരിക്കുന്നതിനു വേണ്ടി ഒരു സ്റ്റേറ്റ് കൺട്രോൾ റൂമും, 14 ജില്ലാതല കൺട്രോൾ റൂമുകളും സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സംവിധാനം പ്രവർത്തിക്കുന്നതിന് പൂർണ്ണമായും സജ്ജമാണ്. |
| (ബി) | വലിയ തുക മുടക്കി സ്ഥാപിച്ച നിരീക്ഷണ ക്യാമറകൾ ഒരു വർഷത്തോളമായിട്ടും പ്രവർത്തനക്ഷമമായിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച ക്യാമറകളും, കൺട്രോൾ റൂമുകളും ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. പ്രസ്തുത പദ്ധതിക്ക് ഒരു സമഗ്രമായ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. ആയതിനു വേണ്ടിയുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (സി) | റോഡ് സുരക്ഷയെ ബാധിക്കുന്ന തരത്തിൽ ലഹരി ഉപയോഗിച്ച് വാഹനമോടിക്കുന്നവർക്കെതിരെ നടപടി ശക്തമാക്കുന്നതിനുള്ള നിയമ ഭേദഗതികൾ കൊണ്ട് വരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | 1988 ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 19 ലെ 1 (b) പ്രകാരം ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ച് വാഹനമോടിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിന് അധികാരം മോട്ടോർ വാഹന വകുപ്പിന് നൽകിയിട്ടുണ്ട്. മദ്യം, മയക്കു മരുന്ന് എന്നിവ ഉപയോഗിച്ചതിനുശേഷം വാഹനം ഓടിക്കുന്നവരുടെ എണ്ണം കൂടി വരുന്നതും അപകടങ്ങൾ വർദ്ധിക്കുന്നതിന് പ്രധാന കാരണമാകുന്നുവെന്ന് കണ്ടെത്തി യിട്ടുള്ളതിനാൽ ഇത് തടയുന്നതിന് പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. പൊതു നിരത്തുകളിൽ ഗതാഗത നിയമ ലംഘനം |

| | | | |
|---|---|---|---|
| | | | തടയുന്നതിന് റോഡു സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ